REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 11-01-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **അയോധ്യയിലെ രാം ലല്ല വിഗ്രഹ പ്രതിഷ്ഠാ ചടങ്ങിന്റെ ഒന്നാം വാർഷിക ആഘോഷങ്ങൾക്ക് തുടക്കമായി.**
- **മയക്കുമരുന്ന് കടത്തും ദേശീയ സുരക്ഷയും സംബന്ധിച്ച ഡൽഹിയിലെ ഇന്നത്തെ മേഖലാ യോഗത്തിൽ ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും.**
- **ഡാറ്റാ സെന്ററുകളുടെ ലോകത്തെ ഏറ്റവും വലിയ ലക്ഷ്യസ്ഥാനമായി ഇന്ത്യയെ മാറ്റുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ**
- **പത്തനംതിട്ട ജില്ലയിലെ ദളിത് പെൺകുട്ടിയെ കഴിഞ്ഞ അഞ്ചുവർഷത്തിലേറെയായി ലൈംഗികചൂഷണത്തിനു വിധേയരാക്കിയ നാല് പേരെ പൊലീസ് അറസ്റ്റ് ചെയ്തു.**
- **ഭാവഗായകൻ P. ജയചന്ദ്രന് സംഗീത കേരളത്തിന്റെ യാത്രാമൊഴി. പറവൂർ ചേന്ദമംഗലത്ത്, സംസ്കാരച്ചടങ്ങുകൾ ആരംഭിച്ചു.**
- **രണ്ടാമത് അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ മേളയ്ക്ക് ഇന്ന് കോഴിക്കോട്ട് തുടക്കമാവും.**

## വാർത്തകൾ വിശദമായി

അയോധ്യയിലെ രാം ലല്ല വിഗ്രഹ പ്രതിഷ്ഠാ ചടങ്ങിന്റെ ഒന്നാം വാർഷിക ആഘോഷങ്ങൾക്ക് തുടക്കമായി. ക്ഷേത്രസമുച്ചയത്തിൽ മത-സാംസ്കാരിക പരിപാടികളും ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

അയോധ്യയിലെ രാമക്ഷേത്രം ഇന്ത്യൻ സംസ്കാരത്തിന്റെയും ആത്മീയതയുടെയും മഹത്തായ പൈതൃകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. നൂറ്റാണ്ടുകളുടെ ത്യാഗത്തിന്റെയും തപസ്സിന്റെയും പോരാട്ടത്തിന്റെയും ഫലമായി നിർമ്മിച്ച ക്ഷേത്രം വികസിത ഇന്ത്യയെന്ന ലക്ഷ്യത്തിലേക്ക് ഉറച്ച ചുവടുവെപ്പാണെന്ന് പ്രധാനമന്ത്രി രാംലല്ല വിഗ്രഹപ്രതിഷ്ഠാ വാർഷികദിന സന്ദേശത്തിൽ പറഞ്ഞു.

UP മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, രാംലല്ലയിൽ അഭിഷേകം നടത്തും. യജുർവേദ പാരായണത്തോടെയാണ് വാർഷികാഘോഷങ്ങൾ ആരംഭിച്ചത്.

✪✪✪

മയക്കുമരുന്ന് കടത്തും ദേശീയ സുരക്ഷയും സംബന്ധിച്ച മേഖലാ യോഗത്തിൽ ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് അധ്യക്ഷത വഹിക്കും. ന്യൂഡൽഹിയിൽ നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ സംഘടിപ്പിക്കുന്ന യോഗത്തിൽ എട്ടു വടക്കൻ സംസ്ഥാനങ്ങളിലെ ഗവർണർമാരും മുഖ്യമന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.

മയക്കുമരുന്ന് നിർമാർജന പക്ഷാചരണവും NCBയുടെ ഭോപ്പാൽ സോണൽ യൂണിറ്റിന്റെ പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനവും അമിത് ഷാ നിർവഹിക്കും. 'മാനസ്-2' ഹെൽപ്പ് ലൈൻ എല്ലാ സംസ്ഥാനങ്ങളിലേക്കും കേന്ദ്രഭരണ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്ന സംവിധാനവും അമിത് ഷാ ഉദ്ഘാടനം ചെയ്യും.

✪✪✪

ഡാറ്റാ സെന്ററുകൾക്കായി ലോകത്തെ ഏറ്റവും വലിയ ലക്ഷ്യസ്ഥാനമായി മാറാനാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. പരസ്പരം ബന്ധിപ്പിച്ച ഗ്രിഡ്, ശുദ്ധമായ ഊർജ്ജം, ഡാറ്റ സുരക്ഷ, പരിശീലനം ലഭിച്ച തൊഴിലാളികൾ എന്നിവയിലൂടെ രാജ്യത്തിന് ലക്ഷ്യം നേടാനാകുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. നിർമിത ബുദ്ധി മോഡലുകൾ സൃഷ്ടിക്കാൻ സഹായിക്കുന്ന വിശാലമായ ഡാറ്റ റിസോഴ്സുകളാണ് ഒരു ഡാറ്റാ സെന്റർ ഹബ്ബ് എന്ന നിലയിൽ ഇന്ത്യയുടെ ആകർഷണീയതക്ക് കാരണമെന്നും പിയുഷ് ഗോയൽ പറഞ്ഞു.

✪✪✪

ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. പ്രമുഖ ആത്മീയ നേതാവും

ഇന്ത്യയുടെ യൂത്ത് ഐക്കണുമായ സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണ് ദേശീയ യുവജന ദിനമായി ആഘോഷിക്കുന്നത്.

ഡയലോഗിൽ കേരളത്തിൽ നിന്ന് 39 പേർ ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി തെരഞ്ഞെടുത്ത മൂവായിരം യുവ നേതാക്കളുമായി മോദി സംവദിക്കും. ഇവർ പത്ത് വിഷയങ്ങളിൽ എഴുതിയ മികച്ച ലേഖനങ്ങളുടെ സമാഹാരവും പ്രധാനമന്ത്രി പ്രകാശനം ചെയ്യും. യുവ നേതാക്കളുടെ ആശയങ്ങളും അനുഭവങ്ങളും അഭിലാഷങ്ങളും നേരിട്ട് പങ്കുവെക്കാൻ അവസരമൊരുക്കി. അവർക്കൊപ്പം ഉച്ചഭക്ഷണത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

✪✪✪

പത്തനംതിട്ട ജില്ലയിലെ ദളിത് പെൺകുട്ടിയെ കഴിഞ്ഞ അഞ്ചുവർഷത്തിലേറെയായി ലൈംഗികചൂഷണത്തിനു വിധേയരാക്കിയ നാല് പേരെ പൊലീസ് അറസ്റ്റ് ചെയ്തു. അഞ്ചാം പ്രതി മറ്റൊരു പോക്സോ കേസിൽ ജയിലിൽ കഴിയുകയാണ്.

സുഹൃത്തുക്കളും പ്രദേശവാസികളും ഉൾപ്പെടെ അറുപതിലേറെ പേർ പീഡിപ്പിച്ചതായാണ് പെൺകുട്ടി മൊഴി നൽകിയത്. പ്രായപൂർത്തിയാകാത്ത ചിലരും സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തി.

13 വയസു മുതൽ സുഹൃത്ത് പീഡിപ്പിച്ചതായി, കുടുംബശ്രീ മിഷന്റെ ഗൃഹസന്ദർശന പരിപാടിയായ സ്നേഹിത വഴിയാണ് പെൺകുട്ടി പുറത്തറിയിച്ചത്. ഇതേ തുടർന്ന് പത്തനംതിട്ട ചൈൽഡ് വെൽഫെയർ കമ്മിറ്റി സംഭവത്തിൽ ഇടപെട്ടു. CWC നിയോഗിച്ച കൗൺസിലറും പോലീസും കുട്ടിയിൽനിന്നു മൊഴിയെടുത്തു. പത്തനംതിട്ട ജില്ലാപോലീസ് മേധാവിയുടെ നേതൃത്വത്തിൽ DYSP നന്ദകുമാറടങ്ങിയ സംഘമാണ് കേസ് അന്വേഷിക്കുന്നത്.

പത്തനംതിട്ട പീഡനക്കേസിൽ ശക്തമായ നടപടി എടുക്കുമെന്ന് മന്ത്രി J. ചിഞ്ചുറാണി അറിയിച്ചു. പീഡനത്തിൽ പ്രായപൂർത്തിയാകാത്തവരും ഉൾപ്പെട്ട സംഭവത്തെ അതീവ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നതെന്ന് മന്ത്രി അറിയിച്ചു.

✪✪✪

രാജ്യത്തിന്റെ പ്രത്യേക സാമ്പത്തിക മേഖലയിലെ ധാതു ബ്ലോക്കുകളുടെ ആദ്യഘട്ട ലേലവുമായി ബന്ധപ്പെട്ട് കേന്ദ്ര ഖനി മന്ത്രാലയം സംഘടിപ്പിച്ച റോഡ് ഷോ കൊച്ചിയിൽ മന്ത്രാലയ സെക്രട്ടറി VL കാന്തറാവു ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്ത് കൊല്ലം ജില്ലയ്ക്ക് സമീപം കടലിൽ, നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന മണലിന്റെ മൂന്ന് ബ്ലോക്കുകളും, ഗ്രേറ്റ് നിക്കോബാർ ദ്വീപുകളുടെ സമീപം ഏഴ് പോളി മെറ്റാലിക് ധാതു  ബ്ലോക്കുകളും ആദ്യ ഘട്ടത്തിൽ ലേലം ചെയ്യും.

✪✪✪

അൽമുക്താദിർ ഗ്രൂപ്പ് ജ്വല്ലറികളിലെ ആദായ നികുതി റെയ്ഡിൽ വൻ നികുതി വെട്ടിപ്പ് കണ്ടെത്തി. വൻ തുകയുടെ കള്ളപ്പണം വെളിപ്പിച്ചെന്നാണ് ഇൻകം ടാക്സ് കണ്ടെത്തൽ.  കേരളത്തിൽ മാത്രം 380 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയത്. സംസ്ഥാനത്തെ 30 ജ്വല്ലറികളിലായിരുന്നു പരിശോധന.

മണിച്ചെയിൻ മാതൃകയിൽ അൽമുക്താദിർ കോടികൾ കൈപ്പറ്റിയെന്നാണ് കണ്ടെത്തൽ. ഇത് വ്യക്തിപരമായ ഇടപാടുകൾക്ക് ഉപയോഗിച്ചെന്നും തിരിച്ചറിഞ്ഞിട്ടുണ്ട്. മുംബൈയിലെ ഗോൾഡ് പർച്ചേസ് സ്ഥാപനമായ യുണീക് ചെയിൻസ് എന്ന സ്ഥാപനത്തിലും പരിശോധന നടന്നു. അവർ അൽമുക്താദിറുമായി നടത്തിയ സ്വർണക്കച്ചവടത്തിൽ 400 കോടിയുടെ തിരിമറി കണ്ടെത്തി. ഇൻകംടാക്സ് ഇൻവെസ്റ്റിഗേഷൻ തിരുവനന്തപുരം യൂണിറ്റാണ് റെയിഡ് നടത്തിയത്.

✪✪✪

അന്തരിച്ച മലയാളത്തിന്റെ ഭാവഗായകൻ  P. ജയചന്ദ്രന് കലാകേരളത്തിന്റെ യാത്രാമൊഴി. ഭൗതിക ശരീരം ഇരിങ്ങാലക്കുടയിൽ നിന്ന്  പറവൂർ ചേന്ദമംഗലത്തെ പാലിയം തറവാട്ടിൽ  എത്തിച്ചു. അല്പസമയത്തിനകം ഔദ്യോഗിക ബഹുമതികളോടെ പാലിയം തറവാട് ശ്മശാനത്തിൽ സംസ്കരിക്കും. പ്രിയഗായകനെ അവസാനമായി കണ്ട് ആദരം അർപ്പിക്കാൻ ചേന്ദമംഗലത്തും നിരവധി ആളുകൾ എത്തിയിട്ടുണ്ട്. പ്രതിപക്ഷനേതാവ് VD സതീശനടക്കം ഒട്ടേറെ പേർ സംസ്കാരചടങ്ങിൽ പങ്കെടുക്കും.

✪✪✪

മകരവിളക്കിനൊരുങ്ങി ശബരിമല.  മകര സംക്രമ പൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണങ്ങളും വഹിച്ചുകൊണ്ട്  തിരുവാഭരണ ഘോഷയാത്ര നാളെ ഉച്ചയ്ക്ക് പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്നു പുറപ്പെടും.

✪✪✪

എരുമേലിയിൽ മകരവിളക്കിനു മുന്നോടിയായി അമ്പലപ്പുഴ സംഘത്തിന്റെ പേട്ട തുള്ളൽ അൽപ്പം മുൻപ് ആരംഭിച്ചു. മൂന്നുമണിയോടെ ആലങ്ങാട് സംഘത്തിന്റെ പേട്ട തുള്ളലും ആരംഭിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു.

......വോയ്സ്...........

✪✪✪

രണ്ടാമത് അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ മേളയ്ക്ക് ഇന്ന് കോഴിക്കോട്ട് തുടക്കമാവും. ഫറോക്ക് നല്ലൂർ, E.K. നായനാർ സ്മാരക മിനി സ്റ്റേഡിയത്തിൽ രാത്രി 8.30ന് മന്ത്രി P.A. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ - ആദ്യ മത്സരത്തിൽ വൈകിട്ട് അഞ്ചിന് ബെംഗളൂരുവിൽ, ബെംഗളൂരു FC, മുഹമ്മദൻ S Cയെ നേരിടും. രാത്രി 7.30ന് ഗുവാഹത്തിയിൽ മോഹൻബഗാൻ, ഈസ്റ്റ് ബംഗാളുമായി ഏറ്റുമുട്ടും.

✪✪✪

ചാനൽ ചർച്ചയിലെ വിദ്വേഷ പരാമർശത്തിൽ PC ജോർജിനെതിരെ കേസെടുത്തു. മതസ്പർധ വളർത്തൽ, കലാപാഹ്വാനം തുടങ്ങിയ വകുപ്പുകളാണ് PC ജോർജിനെതിരെ ഈരാറ്റുപേട്ട പൊലീസ് ചുമത്തിയിരിക്കുന്നത്. യൂത്ത് ലീഗിന്റെ പരാതിയിലാണ് നടപടി.

✪✪✪

പാലക്കാട് ജില്ലയിലെ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ വിജിലൻസിന്റെ മിന്നൽ റെയ്ഡ് നടത്തി. ഒന്നര ലക്ഷത്തോളം രൂപ പിടികൂടി. വാളയാറിൽ നിന്ന് മാത്രം കണക്കിൽ പെടാത്ത തൊണ്ണൂറായിരത്തിൽ പരം രൂപ കണ്ടെടുത്തു. ഗോവിന്ദാപുരം, ഗോപാലപുരം, മീനാക്ഷിപുരം ചെക്ക്പോസ്റ്റുകളിൽ നിന്നും കണക്കിൽപ്പെടാത്ത തുക പിടിച്ചെടുത്തിട്ടുണ്ട്.

✪✪✪

തലശ്ശേരി പള്ളിത്താഴയിൽ ബൈക്കുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ യുവാവ് മരിച്ചു. പൊന്ന്യം കൊണ്ടു ചിറയിലെ മുസമ്മിൽ ആണ് മരിച്ചത്.

✪✪✪

ദേശീയപാതയിൽ കണ്ണൂർ തളാപ്പ് മക്കാനിക്ക് സമീപം ബൈക്ക് അപകടത്തിൽ 28 കാരൻ മരിച്ചു. പറശിനിക്കടവ് നണിച്ചേരി സ്വദേശി രാഹുൽ ആണ് മരിച്ചത്. ഇന്നലെ അർധരാത്രിയോടെയായിരുന്നു അപകടം.

✪✪✪

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിലെ അഞ്ചാം ദിവസത്തെ പരിപാടികൾ ആരംഭിച്ചു.

രാവിലെ "മനുഷ്യനെ ചേർത്ത് നിർത്തുന്ന ആത്മീയത" എന്ന വിഷയത്തിലെ പാനൽ ചർച്ചയിൽ ഗീവർഗീസ് മാർ കൂറിലോസ്, മുസ്തഫ മൗലവി, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ പങ്കെടുത്തു. KLIBF ഡയലോഗിൽ സോയ ഹസൻ,സുധീർ ദേവദാസ്, രമേഷ് പിഷാരടി, ബാബു രാമചന്ദ്രൻ, GR ഇന്ദു ഗോപൻ, E സന്തോഷ് കുമാർ തുടങ്ങിയവർ പങ്കെടുക്കും. വൈകിട്ട് ജോസ് അന്നം കുട്ടി ജോസിന്റെ പ്രഭാഷണം, NS മാധവൻ, S. ഹരീഷ് എന്നിവർ പങ്കെടുക്കുന്ന മീറ്റ് ദി ഓതർ പരിപാടി എന്നിവ ഉണ്ടായിരിക്കും.

✪✪✪

വൃക്ക രോഗ നിർണ്ണയ മൊബൈൽ പരിശോധനയ്ക്ക് നാളെ കോഴിക്കോട്ട് തുടക്കമാകും. മൊബൈൽ മെഡിക്കൽ പരിശോധന, നാളെ വൈകീട്ട് മന്ത്രി P.A. മുഹമ്മദ് റിയാസ് പന്തീരാങ്കാവ് A U P സ്കൂളിൽ ഉദ്ഘാടനം ചെയ്യും. വൃക്കരോഗം തുടക്കത്തിൽ തന്നെ കണ്ടെത്തി പ്രതിരോധിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഒളവണ്ണ പഞ്ചായത്തിന്റെയും, ദയ ചാരിറ്റബിൾ ട്രസ്റ്റിന്റെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിൽ ജില്ലാതല ഹിയറിംഗ് അടുത്ത വ്യാഴാഴ്ച ആരംഭിക്കുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A.ഷാജഹാൻ അറിയിച്ചു.

അടുത്ത മാസം 22 വരെയാണ് ഹീയറിംഗ്. വ്യാഴാഴ്ച പത്തനംതിട്ടയിലാണ് ആദ്യ ഹിയറിംഗ് എന്നും അദ്ദേഹം പറഞ്ഞു.

✪✪✪

എല്ലാ വിഭാഗം ശുചീകരണ തൊഴിലാളികൾക്കും നിയമപ്രകാരം മിനിമം വേതനം ഉറപ്പാക്കണമെന്ന് സഫായി കർമചാരി ദേശീയ അധ്യക്ഷൻ M. വെങ്കിടേശ് ആവശ്യപ്പെട്ടു. കോഴിക്കോട് നടന്ന ശുചീകരണ തൊഴിലാളികളുടെ തെളിവെടുപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ മേഖലകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: സബിത ആനന്ദ്*
*ഫസ്ന ഫാത്തിമ*
*DEO: സുബോധ് സി കെ*